## ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.03.2018-ൽ കൂടിയ ലൈഫ് മിഷൻ ഉപസമിതിയുടെ അഞ്ചാമത് യോഗത്തിന്റെ മിനിട്സ്

യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വൈകീട്ട് 4 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ പ്രത്യേകം ചേർത്തിരിക്കുന്നു.

അജണ്ട – 1

**ലൈഫ് മിഷൻ ഉപസമിതിയുടെ നാലാമത് യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

23.02.2018-ന് കൂടിയ ലൈഫ് മിഷൻ ഉപസമിതിയുടെ നാലാമത് യോഗത്തിന്റെ മിനിട്സ് താഴെ പറയുന്ന രണ്ട് ഭേദഗതികളോടെ അംഗീകരിച്ചു:

| അജണ്ട / തീരുമാനം നമ്പർ | തീരുമാനം | ഭേദഗതി |
|---|---|---|
| അജണ്ട III തീരുമാനം 2 | KURDFC മുഖേന വായ്പ നൽകുവാൻ HUDCO സന്നദ്ധത പ്രകടിപ്പിച്ച സാഹചര്യത്തിൽ വായ്പാ ഇടപാട് തടസ്സമില്ലാതെ നടത്തുന്നതിനായി പ്രസ്തുത സ്ഥാപനം HUDCO-യ്ക്ക് നൽകുവാൻ കുടിശ്ശിക ഉള്ള വായ്പാ തിരിച്ചടവ് തുക ലൈഫ് മിഷനിൽ നിന്ന് നൽകുന്നതിനും പ്രൊഫഷണലുകളെ ഉൾപ്പെടുത്തി KURDFC-യെ ശക്തിപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുവാനും യോഗം തീരുമാനിച്ചു. | KURDFC മുഖേന വായ്പ നൽകുവാൻ HUDCO സന്നദ്ധത പ്രകടിപ്പിച്ച സാഹചര്യത്തിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി KURDFC-യെ ശക്തിപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുവാൻ യോഗം തീരുമാനിച്ചു. |
| അജണ്ട X തീരുമാനം ii | ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും 2018-19-ൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുക. ലൈഫ് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെയും ഉൾക്കൊള്ളിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകും. | ടി തീരുമാനം ഒഴിവാക്കി |

അജണ്ട – 2

**സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, പുതുപ്പാടി ഗ്രാമപഞ്ചായത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ഭവനസമുച്ചയ നിർമ്മാണത്തിനുള്ള ഭരണാനുമതി സംബന്ധിച്ച്**

തീരുമാനം

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ (വയനാട് ജില്ല) 48 ഭവന യൂണിറ്റുകൾക്ക് 504 ലക്ഷം രൂപയും, പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ (കോഴിക്കോട് ജില്ല) 48 ഭവന യൂണിറ്റുകൾക്ക് 504 ലക്ഷം രൂപയും, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ (മലപ്പുറം) 48 ഭവന യൂണിറ്റുകൾക്ക് 504 ലക്ഷം രൂപയും ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിലെ (പാലക്കാട് ജില്ല) 48 ഭവന യൂണിറ്റുകൾക്ക് 504 ലക്ഷം രൂപയും ഭരണാനുമതി നൽകാൻ തീരുമാനിച്ചു. ഈ പ്രവർത്തികൾക്കുള്ള ടെൻഡർ വിളിച്ച നടപടിക്ക് സാധൂകരണം (ratification) നൽകാൻ തീരുമാനിച്ചു.

അജണ്ട – 3

**കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ ഭവന സമുച്ചയം പാരമ്പര്യ രീതിയിലോ, പ്രീ-ഫാബ്രിക്കേഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ചോ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം

1. സെൻറിന് 2 ലക്ഷം രൂപയോ അതിലധികമോ വരാൻ സാധ്യതയുള്ള നഗര പ്രദേശങ്ങളിൽ മാത്രമേ സംസ്ഥാനത്ത് പാർപ്പിട സമുച്ചയങ്ങൾ എന്ന ആശയം വിജയതിലെത്തിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തിടങ്ങളിൽ, വസ്തു വാങ്ങി, വീട് വച്ച് നൽകുക എന്നതാണ് ലാഭകരം എന്ന് സമിതി വിലയിരുത്തി. Backyard garden, കന്നുകാലി/കോഴി വളർത്തൽ എന്നിവയ്ക്ക് ഇത് അഭികാമ്യവുമാണ്. ഈ കാരണങ്ങളാൽ, ഭൂമി ഉണ്ട് എന്നാ കാരണത്താൽ മാത്രം, ഭവന സമുച്ചയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതും സാധ്യമല്ല. ആയതിനാൽ, മേൽ 7 ജില്ലകളിൽ ആവശ്യമായ വസ്തുവിന്റെ ലഭ്യത, വസ്തു വില 2 ലക്ഷം രൂപയിൽ അധികമാണോ എന്ന വിവരം, തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഭവന സമുച്ചയങ്ങളിൽ താമസിക്കുവാനുള്ള സമ്മതം അറിയിച്ചിട്ടുണ്ടോ, ഇത്തരത്തിലുള്ള സമുച്ചയങ്ങളുടെ അറ്റകുറ്റ പണി ഏറ്റെടുക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച ശേഷം മേൽ 7 ജില്ലകളിൽ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

അജണ്ട - 4

KITCO Ltd. സമർപ്പിച്ചിട്ടുള്ള DPR തയ്യാറാക്കുന്നതിനുള്ള Invoice പ്രകാരം പേയ്മെന്റ് നൽകുന്നത് സംബന്ധിച്ച്.

തീരുമാനം

കണ്ണൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ DPR തയ്യാറാക്കുന്നതിന് മുന്നോടിയായി സർവ്വേ, മണ്ണ് പര്യവേക്ഷണം എന്നിവ നടത്തിയതിനും മറ്റ് മുന്നൊരുക്ക ചെലവുകൾക്കും കൂടി M/S. KITCO Ltd സമർപ്പിച്ച 16,26,855 രൂപക്കുള്ള (GST 18% ഒഴികെ) Invoice-ന്റെ അടിസ്ഥാനത്തിൽ ടി തുക അനുവദിക്കേണ്ടതുണ്ടോ എന്ന വിഷയം മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു.

അജണ്ട-5

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച്.

തീരുമാനം

1. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ദ്രുതഗതിയിൽ നടത്തുവാൻ തീരുമാനിച്ചു.
2. അട്ടപ്പാടി, മണ്ണാർക്കാട്, ചിറ്റൂർ ബ്ലോക്കുകൾക്കും അതിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്കും 232 ഭവനങ്ങളുടെ നിർമ്മാണ ഘട്ടങ്ങൾക്കനുസരിച്ച് അധിക തുക അനുവദിക്കണം എന്ന വിഷയം പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത ശേഷം അടുത്ത ഉപസമിതി മുമ്പാകെ തീരുമാനത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

അജണ്ട-6

തീരുമാനം

1. 2018-19 വർഷത്തേക്ക് ലൈഫ് മിഷന് വേണ്ടി 4000 കോടി രൂപ 'ഹഡ്കോ'-യിൽ നിന്ന് KURDFC മുഖാന്തിരം വായ്പ എടുക്കുവാൻ തീരുമാനിച്ചു. ആയതിനുള്ള അപേക്ഷ HUDCO-യ്ക്ക് സമർപ്പിക്കുന്നതിന് സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി. സമാന്തരമായി, വായ്പ എടുക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പ് മുഖാന്തിരം മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കുവാൻ സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി.
2. ഹഡ്കോയിൽ നിന്ന് ലഭിക്കുന്ന വായ്പയ്ക്ക് പുറമെ ലൈഫ് മിഷന് വേണ്ടി വായ്പ എടുക്കുന്നതിനുള്ള ഒന്നാം ഘട്ടം എന്ന നിലയിൽ information memorandum തയ്യാറാക്കുന്നതിനായി SBI

Caps-നെ ചുമതലപ്പെടുത്തുവാനും പ്രസ്തുത ഏജൻസിയുമായി കരാർ ഒപ്പിടുവാനും സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി.

3. രണ്ടാം ഘട്ടത്തിൽ debt syndication ആർക്ക് നൽകണം എന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം ആവശ്യമാകയാൽ, ഇതിനാവശ്യമായ നിർദേശം സമർപ്പിക്കുവാൻ സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി.

4. പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) മാതൃകയിൽ ഗ്രാമീണ മേഖലയിലുള്ള ഗുണഭോക്താക്കൾക്ക് കൂടി Credit linked subsidy ലഭിക്കുന്നതിന് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന്, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന, കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുവാൻ സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി.

യോഗം 5.30-ന് അവസാനിച്ചു.

ചീഫ് സെക്രട്ടറി

*************************